**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5429** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിൽ ഡ്യൂട്ടി പാറ്റേണിലെ അശാസ്ത്രീയത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡ്യൂട്ടി പാറ്റേണിലെ അശാസ്ത്രീയതയും മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണത്തിലെ അപാകതകളും പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് (MTW Act) പ്രകാരമുള്ള ഡ്യൂട്ടി പരിഷ്കരണം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 01.10.2022-നും തുടർന്ന് 22.01.2023-ന് നെയ്യാറ്റിൻകര, പൂവാർ, വിഴിഞ്ഞം, കാട്ടാക്കട, വെള്ളറട എന്നീ അഞ്ച് യൂണിറ്റിലും നടപ്പിലാക്കുകയുണ്ടായി.<br><br>എന്നാൽ ജീവനക്കാരുടെയും സംഘടനകളുടെയും സഹകരണം ഇല്ലാതിരുന്നതിനാൽ പൂർണ്ണ അർത്ഥത്തിൽ എല്ലാ യൂണിറ്റിലും നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് സംഘടനകളുടെ സഹകരണത്തോടെ സർവീസുകളുടെ പുനഃക്രമീകരണം ഒരു പരിധി വരെ നടപ്പിലാക്കുകയുണ്ടായി. ജീവനക്കാരുടെ ഉപയോഗം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തുടർ ചർച്ചകളുടെ ഫലമായി ഷെഡ്യൂളുകൾ MTW ആക്ട് പ്രകാരം ക്രമീകരിച്ച് സംഘടനകളുടെ സഹകരണത്തോടെ യൂണിറ്റുകളിൽ നിന്നും ഷെഡ്യൂളുകൾ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>മേൽ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി ആവശ്യമായ നടപടികൾ യൂണിറ്റ് തലത്തിലും ചീഫ് ഓഫീസ് തലത്തിലും അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടന്ന് വരികയുമാണ്. ഇത്തരത്തിൽ ഡ്യൂട്ടി പുനഃക്രമീകരണ നടപടികൾ നടന്നുവരുന്നു.<br><br>മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ വിവിധ സേവന വ്യവസ്ഥകൾ 2119/GL8/2022/RTC |

| | | | | |
|---|---|---|---|---|
| | | | | തീയതി 04.01.2023 ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച് 08.01.2023 തീയതി മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കുന്നതിന് ഉത്തരവ് നൽകി. എന്നാൽ ഇത് സംബന്ധിച്ച് ട്രേഡ് യൂണിയനുകൾ കൂടുതൽ ചർച്ച ആവശ്യമാണെന്നും, ഭൗതിക സാഹചര്യങ്ങളും, ടൂൾസ് & എക്യുപ്മെന്റ്സ് ലഭ്യമാക്കി നൽകിയാൽ മാത്രമേ നടപ്പിൽ വരുത്താൻ കഴിയുകയുള്ളൂ എന്ന് അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചർച്ച നടത്തി വിയോജിപ്പുള്ള ജോബ് നോംസ് സംബന്ധിച്ച് ശിപാർശ 24.06.2024-ന് മുമ്പ് ലഭ്യമാക്കാൻ ട്രേഡ് യൂണിയനുകളോട് നിർദ്ദേശം നൽകിയെങ്കിലും ഇതുവരെ ഒരു അംഗീകൃത ട്രേഡ് യൂണിയൻ മാത്രമാണ് ശുപാർശ സമർപ്പിച്ചത്.<br><br>മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ ഡ്യൂട്ടി സമയം രാവിലെ 09.30 മണി മുതൽ വൈകുന്നേരം 05.00 മണി വരെയെന്ന് പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ